# തിരുവനന്ത പുരം നഗരസഭ

ആറ്റുകാൽ പൊങ്കാല -2024

അന്നദാനം / കുടിവെള്ള വിതരണം നടത്തുന്നതിനുള്ള നിബന്ധനകൾ

---

1. നഗരസഭ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തു പ്രിന്റ് എടുത്തു കൗണ്ടറിനു മുന്നിൽ പ്രദർശിപ്പിക്കണം.
2. അന്നദാനം / കുടിവെള്ളം വിതരണം നടത്തുന്നതിന് പ്ലാസ്റ്റിക്, മൾട്ടിലെയർ പ്ലാസ്റ്റിക്, തെർമോക്കോൾ, അലുമിനിയം ഫോയിൽ എന്നിവ കൊണ്ടുള്ള പാത്രങ്ങൾ, ഗ്ലാസുകൾ, പേപ്പർ കപ്പുകൾ എന്നിങ്ങനെയുള്ള യാതൊരുവിധ ഡിസ്പോസബിൾസും ഉപയോഗിക്കാൻ പാടില്ല.
3. പ്ലാസ്റ്റിക് , നോൺവോവൻ പോളിപ്രൊപ്പലീൻ ക്യാരി ബാഗുകൾ ഉപയോഗിക്കാൻ പാടുള്ളതല്ല.
4. ഭക്ഷണ കുടിവെള്ള വിതരണത്തിനായി സ്റ്റീൽ, സെറാമിക്, കണ്ണാടി, മണ്ണ് മുതലായവ കൊണ്ടുള്ള പുനരുപയോഗിക്കുവാൻ കഴിയുന്ന പത്രങ്ങൾ മാത്രം ഉപയോഗിക്കുക.
5. പൊങ്കാലക്ക് വരുന്ന ഭക്തജനങ്ങൾ സ്റ്റീൽ പാത്രവും സ്റ്റീൽ ഗ്ലാസും കൊണ്ടുവരണമെന്ന് സന്ദേശം ബഹു കേരള സർക്കാരും തിരുവനന്തപുരം നഗരസഭയും കേരളമൊട്ടാകെയും തമിഴ്നാട്ടിലും അറിയിച്ചിട്ടുണ്ട്. ഭക്തജനങ്ങൾ കൊണ്ടുവരുന്ന പാത്രങ്ങൾ തന്നെ ഭക്ഷണവും കുടിവെള്ളവും നൽകാൻ ശ്രദ്ധിക്കണം.
6. അടിയന്തിര സാഹചര്യം നേരിടാനായി കുറച്ചു സ്റ്റീൽ പ്ലേറ്റുകളും സ്റ്റീൽ ഗ്ലാസുകളും കൗണ്ടറിൽ / വാഹനത്തിൽ കരുതി വയ്ക്കുക.
7. ഭക്ഷണം / കുടിവെള്ളം തയ്യാറാക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരം തിരിച്ചു ശേഖരിച്ചു വൃത്തിയാക്കി പാഴ് വസ്തു വ്യാപാരികൾക്ക് കൈമാറുകയോ നഗരസഭയുടെ മെറ്റിരിയൽ റിക്കവറി ഫെസിലിറ്റികളിൽ എത്തിക്കുകയോ ഹരിതകർമ സേനക്ക് കൈമാറുകയോ ചെയ്യുക.
8. പൊങ്കാലയെ തുടർന്ന് ഉല്പാദിപ്പിക്കുന്ന ജൈവ മാലിന്യം നഗരസഭയുടെ അംഗീകൃത ഏജൻസിക്കു നിശ്ചിത യൂസർ ഫീ ഒടുക്കി നൽകുകയോ അല്ലെങ്കിൽ സ്വന്തമായി ശാസ്ത്രീയ സംവിധാനം ഉപയോഗിച്ച് സംസ്കരിക്കുകയോ ചെയ്യേണ്ടത്.
9. രജിസ്ട്രേഷൻ അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രമേ ഭക്ഷണ / കുടിവെള്ള വിതരണം അനുവദിക്കുകയുള്ളൂ.
10. ഭക്ഷണ കൗണ്ടറിനു സമീപങ്ങളിലായി വേസ്റ്റ് ബിന്നുകൾ ആവശ്യത്തിന് എണ്ണം സ്ഥാപികേണ്ടതാണ്